©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ആഗസ്റ്റ് 4<br>4th August 2020<br>1195 കർക്കടകം 20<br>20th Karkadakam 1195<br>1942 ശ്രാവണം 13<br>13th Sravana 1942 | നമ്പർ<br>No. | 31 |

## PART III

### Notifications by Heads of Departments

# Commissionerate of Land Revenue

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ മല്ലപ്പള്ളി തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

(2)

നമ്പർ എ4-1882/2020. 2020 മേയ് 21.

മല്ലപ്പള്ളി താലൂക്കിൽ കല്ലൂപ്പാറ വില്ലേജിൽ ചാക്കോഭാഗം ദേശത്ത് കോലാനിക്കൽ വീട്ടിൽ തങ്കപ്പൻ, റ്റി. എന്നയാൾ മരിച്ചുപോയെന്നും അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് പരേതന്റെ ഭാര്യ സുലോചന സമർപ്പിച്ച അപേക്ഷയിൻമേൽ ബന്ധപ്പെട്ട വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ തങ്കപ്പൻ, റ്റി. 2019 ഡിസംബർ മാസം 27-ാം തീയതി മരിച്ചുപോയെന്നും പരേതന്റെ ഒരു മകൻ സുധീഷ് 10-5-2014-ാം തീയതി അവിവാഹിതനായി മരിച്ചുപോയിട്ടുള്ളതും പരേതന്റെ അവകാശികളായി താഴെ പറയുന്ന മൂന്ന് പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സുലോചന | ഭാര്യ | 62 |
| 2 | സുനിൽ കുമാർ | മകൻ | 39 |
| 3 | സുരേഷ് കുമാർ | ,, | 37 |

മേൽപ്പറഞ്ഞവരാണ് പരേതന്റെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ മല്ലപ്പള്ളി തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽ മാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
മല്ലപ്പള്ളി. തഹശീൽദാർ.

## Konni Taluk

പരസ്യം

നമ്പർ എ5-3985/2020. 2020 ജൂൺ 26.

കോന്നി താലൂക്കിൽ വള്ളിക്കോട് വില്ലേജിൽ വാഴമുട്ടം കിഴക്ക്മുറിയിൽ കാവിനാൽ വീട്ടിൽ കെ. കെ. ഡാനിയൽ, പൊന്നമ്മ ഡാനിയൽ എന്നിവർ 2-1-2020, 12-4-2020 എന്നീ തീയതികളിൽ മരണപ്പെട്ടുപോയിട്ടുള്ള താണെന്നും പരേതരുടെ പേരിലുള്ള വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് അവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടു കൊണ്ട് പരേതരുടെ മകൻ റോയിസ് ഡാനിയൽ സമർപ്പിച്ച അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തിയതിൽ ടിയാൾക്കാർ 2-1-2020, 12-4-2020 എന്നീ തീയതികളിൽ മരണപ്പെട്ടുപോയിട്ടുള്ളതാണെന്നും പരേതരുടെ അവകാശികളായി താഴെ പറയുന്ന 4 പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | അവകാശികളുടെ പേര് | പരേതരുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | മോറിസ് കൊച്ചെയ്പ് ഡാനിയൽ | മകൻ | 56 |
| 2 | റോയിസ് ഡാനിയൽ | ,, | 53 |
| 3 | ഷേർലിസ് ഡാനിയൽ | മകൾ | 51 |
| 4 | ഷീല ഡാനിയൽ | ,, | 49 |

പരേതരുടെ മാതാപിതാക്കൾ മരണപ്പെട്ടുപോയിട്ടുള്ളതാണ്. മുകളിൽ പേര് ചേർത്തിരിക്കുന്നവരാണ് പരേതരുടെ അവകാശികൾ എന്നുള്ളതിന് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം കോന്നി തഹശീൽദാർ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ഉള്ള ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കോന്നി. തഹശീൽദാർ.

തിരുത്തൽ പരസ്യം

(1)

നമ്പർ എ5-10816/2019/K.Dis. 2020 ജൂൺ 19.

2020 ഏപ്രിൽ 14-ാം തീയതിയിലെ 15-ാം നമ്പർ കേരള ഗസറ്റിൽ (വാല്യം 9, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 2894-ൽ പ്രസിദ്ധപ്പെടുത്തിയ എ5-10816/2019-ാം നമ്പർ പരസ്യത്തിൽ പരേതന്റെ മാതാപിതാക്കൾ മുൻപിനാലെ മരണപ്പെട്ടിട്ടുള്ളതാണ് എന്ന് ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയതും കൂടി ഉൾപ്പെടുത്തി വായിക്കേണ്ടതാണ്.

(2)

നമ്പർ എ5-11273/2019/K.Dis. 2020 ജൂൺ 19.

2020 ഏപ്രിൽ 14-ാം തീയതിയിലെ 15-ാം നമ്പർ കേരള ഗസറ്റിൽ (വാല്യം 9, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 2895-ൽ പ്രസിദ്ധപ്പെടുത്തിയ എ5-11273/2019-ാം നമ്പർ പരസ്യത്തിൽ പരേതയുടെ ഭർത്താവ് മരണപ്പെട്ടതാണെന്നും ടിയാളുകൾക്ക് സന്താനങ്ങളില്ലായിരുന്നുവെന്നും ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ടി വിവരങ്ങൾ കൂടി ഉൾപ്പെടുത്തി തിരുത്തി വായിക്കേണ്ടതാണ്.

(3)

നമ്പർ എ5-11265/2019/K.Dis. 2020 ജൂൺ 19.

2020 ഏപ്രിൽ 14-ാം തീയതിയിലെ 15-ാം നമ്പർ കേരള ഗസറ്റിൽ (വാല്യം 9, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 2896-ൽ പ്രസിദ്ധപ്പെടുത്തിയ എ5-11265/2019-ാം നമ്പർ പരസ്യത്തിൽ പരേതൻ അവിവാഹിതൻ ആയിരുന്നു എന്ന് ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ആയതുംകൂടി ഉൾപ്പെടുത്തി തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
കോന്നി. തഹശീൽദാർ.